അല്ലെങ്കിൽ

യു. ജി. സി. സെവൻ പോയിന്റ് സ്കെയിലിൽ ബി ഗ്രേഡോടെ തത്തുല്യ യോഗ്യതയും നല്ല അക്കാഡമിക് റിക്കാർഡും, ലൈബ്രറി കമ്പ്യൂട്ടറൈസേഷനിൽ യോഗ്യതയും.

31-3-1990 വരെ ജോലി ചെയ്തിരുന്നവർക്ക് യോഗ്യതയിൽ ഇളവനുവദിച്ചിരുന്നു. അപ്രകാരമുള്ള ഇളവനുവദിക്കുന്നതിന് യു. ജി. സി. യിൽ വ്യവസ്ഥയില്ല എന്ന് സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) യു.ജി.സി. സ്കീം നടപ്പിലാക്കിയ സാഹചര്യത്തിൽ ഡെപ്യൂട്ടി/അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികകളിലേക്കുള്ള പ്രൊമോഷൻ എങ്ങനെ നൽകാം എന്ന പ്രശ്നം വന്നപ്പോഴാണ് സർവ്വകലാശാല ഈ തീരുമാനം കൈക്കൊണ്ടതെന്ന് സർവ്വകലാശാല രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. യു.ജി.സി. സ്കീം നടപ്പിലാക്കുന്ന കേസുകളിൽ യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള യോഗ്യതാമാനദണ്ഡങ്ങളും മറ്റും നിർബന്ധമായും പാലിക്കേണ്ടതാണെന്നാണ് സർക്കാരിന്റെ എപ്പോഴത്തെയും നിലപാട്.

കേരള സർവ്വകലാശാലയിൽ നിലവിലുള്ള അദ്ധ്യാപക ഒഴിവുകൾ

148 [5131] ശ്രീ. സി. മോയിൻകുട്ടി:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള യൂണിവേഴ്സിറ്റിയിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ അദ്ധ്യാപക തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് പറയാമോ;

(ബി) എം.എ., എം.എസ്സി., എം.ഫിൽ., പി.എച്ച്.ഡി. കോഴ്സുകൾ നടക്കുന്ന ഡിപ്പാർട്ടുമെന്റുകളിൽ അദ്ധ്യാപകരില്ലാത്തതുമൂലം പഠന ഗവേഷണങ്ങൾ നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യമുള്ള അദ്ധ്യാപകരെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സർവ്വകലാശാലയിൽ വിവിധ വകുപ്പുകളിൽ 119 അദ്ധ്യാപക തസ്തികകളിൽ ഒഴിവുണ്ട്.

(ബി) അദ്ധ്യാപക തസ്തികകളിൽ ഒഴിവുള്ളതുകൊണ്ട് പഠന ഗവേഷണങ്ങൾ തടസ്സപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) ഒഴിവുള്ള അദ്ധ്യാപക തസ്തികകളിൽ ആവശ്യാനുസരണം നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതായി സർവ്വകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

യു.ജി.സി. നിഷ്കർഷിക്കുന്ന യോഗ്യതയ്ക്കനുസരിച്ച് അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിനുള്ള നടപടി

149 [5132] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള സർവ്വകലാശാലയിലെ ലൈബ്രറി സ്റ്റാഫിൽ അസിസ്റ്റന്റ് ലൈബ്രേറിയൻ (യു.ജി.സി.) തസ്തികയിലേക്ക് പ്രൊമോഷന് അർഹതയുള്ളവരും യു.ജി.സി. സ്കീമിൽ അനുശാസിക്കുന്ന യോഗ്യതയുള്ളവരുമായ ഫീഡർ കാറ്റഗറികളിൽ ജോലി ചെയ്തുവരുന്ന നിരവധി പേർക്ക് പ്രൊമോഷനുള്ള അവസരം നിഷേധിക്കുന്നതിനെതിരെയും പ്രൊമോഷൻ നൽകുന്നതിനും സർവ്വകലാശാലയിലെ യു.ജി.സി. യോഗ്യത നേടിയ ജീവനക്കാരുടെ നിവേദനങ്ങൾ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൽ എന്തു തീരുമാനം എടുത്തുവെന്ന് വിശദമാക്കാമോ;

(ബി) 23-2-1992-ൽ കേരള സർവ്വകലാശാല തീരുമാനിച്ച അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് പ്രമോഷനുള്ള മാനദണ്ഡം വിശദമാക്കാമോ; പ്രസ്തുത വിഷയത്തെക്കുറിച്ച് പത്തു വർഷത്തിനുശേഷം 2002-ൽ ഡോക്ടർ കെ. ശശികുമാർ സബ്കമ്മിറ്റി റിപ്പോർട്ടിന്മേൽ കേരള സർവ്വകലാശാല കൈക്കൊണ്ട തീരുമാനം വിശദമാക്കാമോ; യു.ജി.സി. സർക്കാർ ഉത്തരവുകൾ മാനിക്കാതെയുള്ള ഇത്തരം തീരുമാനങ്ങൾക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) യു.ജി.സി. സ്കീം സംസ്ഥാനത്ത് 13 വർഷത്തിലേറെക്കാലമായി നടപ്പിലാക്കിയിട്ടും, യു.ജി.സി. ഓരോ വർഷത്തിലും (ജൂൺ, ഡിസംബർ) രണ്ടു പ്രാവശ്യം വീതം 'നെറ്റ്' പരീക്ഷ നടത്തി വന്നിട്ടും കേരള സർവ്വകലാശാലയിലെ ലൈബ്രറി സ്റ്റാഫിന്റെ കാര്യത്തിൽ മാത്രം സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസിൽ യോഗ്യതയുടെ കാര്യത്തിൽ മാത്രം നാളിതുവരെ ഭേദഗതി വരുത്താത്ത സാഹചര്യം കണക്കിലെടുത്ത് ഫീഡർ കാറ്റഗറികളിലെ യോഗ്യതയുള്ള ജീവനക്കാരെ അസിസ്റ്റന്റ് ലൈബ്രേറിയൻ (യു.ജി.സി.) തസ്തികയിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകുവാൻ നിർദ്ദേശം നൽകുമോ; അല്ലാത്തപക്ഷം സർക്കാർ തലത്തിൽ ബില്ല്/ഓർഡിനൻസ് മുഖേന യു.ജി.സി. സ്കീമിലെ യോഗ്യതയനുസരിച്ച് ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടിൽ നിശ്ചിത സമയപരിധിക്കുള്ളിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ജീവനക്കാരുടെ നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങളെപ്പറ്റി സർവ്വകലാശാലയുടെ വിവിധ സമിതികൾ പഠിച്ചുകൊണ്ടിരിക്കുകയാണെന്ന് സർവ്വകലാശാല രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കേരള സർവ്വകലാശാല ഓർഡിനൻസിൽ പറഞ്ഞിട്ടുള്ള യോഗ്യതകളാണ് അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് പ്രൊമോഷനുള്ള മാനദണ്ഡം. ഡോ. കെ. ശശികുമാർ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ അസിസ്റ്റന്റ് ലൈബ്രേറിയൻ ഗ്രേഡ്-I തസ്തിക പുനഃസ്ഥാപിച്ച് അതിലേക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(സി) യു.ജി.സി.യുടെ നിബന്ധനകൾ അനുസരിച്ച് അസിസ്റ്റന്റ്/ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിലേക്കുള്ള യോഗ്യതകൾ ഉൾപ്പെടുത്തിക്കൊണ്ട് യൂണിവേഴ്സിറ്റി ഓർഡിനൻസിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് കേരള സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly